കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കൈനകരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-135/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477 2252753

തീയതി: 07.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൈനകരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൈനകരി ഗ്രാമപഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-5 ഭാഗം 3ലെ 3-4, 3-5, 3-8, 3-14 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി1-135/17 തീയതി: 07.02.2017

# ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.02.2016 മുതൽ 11.01.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 13.01.2017മുതൽ 20.01.2017 വരെ | ശ്രീമതി.സജിതാദാസ്(ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജി.അനിൽകുമാർആശാരി (അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.കെ.എം.പ്രശോഭൻ(അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.പ്രദീപ്കുമാർ.ആർ(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

*(ബി)നിർവ്വഹണാധികാരികൾ*

*പ്രസിഡന്റ്:*

| | |
|---|---|
| ശ്രീ.സുധിമോൻ | 1-4-15 മുതൽ 30-10-15 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 31-10-15മുതൽ 11-11-15 വരെ |
| ശ്രീമതി. ഷീല സജീവ് | 12-11-15മുതൽ 31-3-16വരെ |

*സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷർ*

| | | |
|---|---|---|
| ശ്രീമതി.ജിജി വർഗ്ഗീസ് | ധനകാര്യം | 01.04.2015– 30.10.2015 |
| ശ്രീ.ജിജോ പള്ളിക്കൽ | | 12.11.2015– 31.03.2016 |
| ശ്രീ.സുനിൽ പത്മനാഭൻ | ആരോഗ്യ വിദ്യാഭ്യാസം | 01.04.2015– 30.10.2015 |
| ശ്രീ.സുബിസന്തോഷ് | | 12.11.2015– 31.03.2016 |
| ശ്രീമതി.ഓമനാ രാഘവൻ | ക്ഷേമകാര്യം | 01.04.2015– 30.10.2015 |
| ശ്രീ.കെ.പി.രാജീവ് | | 12.11.2015– 31.03.2016 |
| ശ്രീ.പി.മനോഹരൻ | വികസനം | 01.04.2015– 30.10.2015 |
| ശ്രീമതി.സുഷമ അജയൻ | | 12.11.2015– 31.03.2016 |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീ.ഡി.സാബു | സെക്രട്ടറി | *01.04.2015 – 31.03.2016* |
| ശ്രീ.കെ.എൻ.വിമൽകുമാർ | അസി.സെക്രട്ടറി | *01.04.2015 –22.07.15* |
| ശ്രീ.പി.വി.വിനോദ് | -ടി- | *24.07.15 – 31.03.16* |
| ശ്രീമതി.എസ്.പത്മം | കൃഷി ഓഫീസർ | *01.04.2015 –21.05.15* |
| ശ്രീമതി.ആനി മാത്യു | “ | *22.05.15 – 08.07.15* |
| ശ്രീമതി.മേഴ്സി.കെ.ജെ | “ | *09.07.15 – 31.03.16* |
| ശ്രീ.കൃഷ്ണേന്ദ്.ജി.കെ | അസി.എഞ്ചിനീയർ | *01.04.2015 – 21.08.15* |
| ശ്രീമതി.റെനി സെബാസ്റ്റ്യൻ | “ | *22.08.15-31.03.2016* |
| ഡോ.അജി കുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | *01.04.2015 –16.05.15* |
| ഡോ.അനുതാര ജോസ് | “ | *17.05.15-17.09.15* |
| ഡോ.മനാസ്.എം.എ | “ | *18.09.15-24.11.15* |
| ഡോ.അഞ്ജന ബാലചന്ദ്രൻ | “ | *25.11.15- 31.03.2016* |
| ശ്രീമതി.മോളിക്കുട്ടി.കെ.ആർ | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | *01.04.2015 – 31.03.2016* |
| ശ്രീമതി.റംല ബീവി.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | *01.04.2015 – 31.03.2016* |
| ഡോ.സജി ഉമ്മൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | *01.04.2015 – 31.03.2016* |
| ഡോ.ദീപ | വെറ്ററിനറി | *01.04.2015 –* |

| | | |
|---|---|---|
| | സർജൻ | 31.03.2016 |
| ഡോ.ജോബി.ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01.04.2015-24.09.2015 |
| ഡോ.വിനീത.പി.എം (ചാർജ്ജ് ഓഫീസർ, ജി.എച്ച്.ഡി, വേഴപ്ര) | " | 25.09.2015-17.01.2016 |
| ഡോ.അലക്സ്.പി.ജെ | " | 18.01.2016-31.03.2016 |
| ശ്രീമതി.സുജാത.ആർ | ഡയറി ഫാം ഇൻസ്പെക്ടർ | 01.04.2015 – 31.03.2016 |
| ശ്രീ.മുഹമ്മദ് കുഞ്ഞ് ആശാൻ | വി.ഇ.ഒ. | 01.04.2015- 31.03.2016 |
| അബ്ദുൾ സലാം | " | 01.04.2015-24.02.2016 |
| അനീഷ്.കെ.പി | " | 25.02.2016-31.03.2016 |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1മുതൽ 1-11 വരെ |
| | ഭാഗം 2 | |
| 2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 3 | കള്ളുഷാപ്പുകളിൽ നിന്നും ഡി & ഒ ലൈസൻസ് ഈടാക്കുന്നില്ല | 2-2 |
| 4 | കെട്ടിട നിർമ്മാണ പെർമിറ്റ്, അപാകതകൾ | 2-3 |
| 5 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു | 2-4 |
| 6 | ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ - അപര്യാപ്തം | 2-5 |
| 7 | പ്രൊക്യൂർമെന്റ് കമ്മിറ്റി പുന: സംഘടിപ്പിച്ചിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 8 | സ്കൂളുകൾക്ക് ഫർണീച്ചർ/പാത്രങ്ങൾ വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ | 3-1 |
| 9 | ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക നിശ്ചയിച്ചു-859070 രൂപയുടെ അധിക ചെലവ് | 3-2 |
| 10 | മരാമത്ത് പ്രവൃത്തി - ഫയൽ | 3-3 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല. | |
| 11 | ജല അതോറിറ്റിയിലെ ഡപ്പോസിറ്റ് ബാലൻസ് തുകകൾ തുടർ വർഷങ്ങളിൽ അഡ്ജസ്റ്റ്_ചെയ്യുന്നില്ല . | 3-4 |
| 12 | സെക്രട്ടറിയുടെ പ്ളാൻ അകൌണ്ടിൽ വർഷങ്ങളായി തുക ചെലവഴിക്കാതെ നിൽക്കുന്നു. | 3-5 |
| 13 | ആശ്രയ ഭവന നിർമാണം - പദ്ധതി വിഹിതം തുകകൾ സ്ഥിരനിക്ഷേപമായി അക്കൗണ്ടിൽ നിലനിൽക്കുന്നു. | 3-6 |
| 14 | അഗതി ആശ്രയ-പ്രോജക്ട് നടപ്പാക്കിയിട്ടില്ല. | 3-7 |
| 15 | അഗതി ആശ്രയ - വൻതുക ബാക്കി നിൽക്കുന്നു | 3-8 |
| 16 | പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല | 3-9 |
| 17 | പാലിയേറ്റീവ് കെയർ- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 3-10 |
| 18 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ-അപാകതകൾ | 3-11 |
| 19 | തെരുവ് നായ്ക്കളുടെ നിയന്ത്രണം- തുക വിനിയോഗിച്ചിട്ടില്ല | 3-12 |
| 20 | മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വിമുഖത | 3-13 |
| 21 | അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 3-14 |
| | ഭാഗം 4 | |
| 22 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-9 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 20-3-15-ാം തിയതിയിലെ 1-ാം നം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് -ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ബഡ്ജറ്റിന് അംഗീകാരം | ബഡ്ജറ്റ് പ്രകാരമുള്ളത് | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|

| നൽകിയ തീയതി | വരവ് | ചെലവ് | വരവ് | ചെലവ് |
|---|---|---|---|---|
| 20-3-15 | 105025341 | 104411841 | 34077794 | 46962821 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ശരിയായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-16 | 15-6-16 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19577438 |
| വരവ് | 34077794 |
| ആകെ | 53655232 |
| ചെലവ് | 46962821 |
| നീക്കിയിരിപ്പ് | 6692411 |

1-5 ഫണ്ട് വിനിയോഗം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| ഫണ്ടിനം | മുൻബാക്കി | TCചെയ്ത് ലഭിച്ച തുക. | തൻവർഷ അലോട്ട്മെന്റ്. | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക. | ആകെ. 2+3+5 | ചെലവ് | TCചെയ്ത് നൽകിയ തുക. | സർക്കാരി ലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
| വികസനഫണ്ട് പൊതുവിഭാഗം | 2064758 | 9132037 | 13525189 | 1773730 | 12970525 | 12970525 | - | 11751459 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1413677 | - | 3552128 | 2020745 | 3434422 | 2634294 | 800128 | 1531383 | 0 |
| വികസനഫണ്ട് ടി.എസ്.പി. | nil | - | - | - | - | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 53725 | | | | 53725 | | | 53725 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2787975 | | | | 2787975 | 2266043 | | 521932 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2323169 | | 9247433 | 4844473 | 7167642 | 5158899 | 4376254 | 2035449 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3955655 | | 3955655 | | 3955655 | | 3955655 | 3955655 | 0 |

പെർഫോമൻസ് ഗ്രാന്റിൽ നിന്നും യാതൊരു തുകയും തൻവർഷം ചെലവഴിച്ചില്ല. പെർഫോമൻസ് ഗ്രാന്റുൾപ്പെടെ എല്ലാ ഫണ്ടിൽ നിന്നുമായി 19849603രൂപ തൻവർഷം തിരിച്ചടച്ചു. തനത് വരുമാനം വളരെ കുറവായിട്ടും ലഭ്യമാകുന്ന സർക്കാർ ഫണ്ട് യഥാവിധി ഉപയോഗിക്കാതെ തിരികെ ഒടുക്കുന്നത് ഒട്ടും ആശാസ്യമല്ല.

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 44894616 | 72 | 23468009 | 5 | 44 | 60% |

ആകെ വകയിരുത്തിയ തുകയുടെ 60% മാത്രമാണ് തൻവർഷം ചെലവഴിച്ചിരിക്കുന്നത്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ നികുതി-നികുതിയേതര മറ്റു വരവുകളുടെ വരുമാനത്തിൽ 43.02ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3769519 | 1658533 | -2110986 | -56% |
| നികുതിയേതര വരവുകൾ | 310941 | 616161 | 305220 | +98.16 |
| മറ്റുവരവുകൾ | 8379 | 54855 | 46476 | +554.67 |
| ആകെ | 4088839 | 2329549 | -1759290 | -43.02 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 576720 | 364 |
| കർഷകതൊഴിലാളി പെൻഷൻ | 14711940 | 1995 |
| വിധവാപെൻഷൻ | 3893800 | 433 |
| വാർദ്ധക്യകാലപെൻഷൻ | 1646580 | 708 |
| വികലാംഗപെൻഷൻ | 2046290 | 218 |
| അവിവാഹിത പെൻഷൻ | 196960 | 24 |
| വിവാഹധനസഹായം. | 90000 | 3 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന18-1-17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6205 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ വാട്ടർ അതോറിറ്റി നിക്ഷേപം ഇനത്തിൽ 28,42,629/-രേഖപ്പെടുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകുന്ന തുകകളുടെ വിവരം കൃത്യമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല.
2. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. ക്ഷേമ പെൻഷനുകൾക്കുവേണ്ടി ലഭിച്ച അപേക്ഷകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.
4. തെരുവ് വിളക്കുകളുടെ (പോസ്റ്റ് നമ്പർ ഉൾപ്പെടുത്തിയത്) വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. ഫ്രണ്ട് ഓഫിസ് സംവിധാനം കാര്യക്ഷമമല്ല. ഫ്രണ്ട് ഓഫീസ് ഡയറി പ്രിന്റ് എടുത്ത് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-12-16 | 10/16മുതൽ11 /16വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-6-04മുതൽ 21-6-04 | 97-98മുതൽ 03-04വരെ | 13-9-04 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു അർദ്ധ വർഷം അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ, 2015 – 16 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടിക്കിയിട്ടില്ല എന്ന് കാണുന്നു.

ഈ ജീവനക്കാരുടെ നിയമനങ്ങൾക്ക് അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ ശമ്പളം ലഭിക്കാത്തതിനാലാണ് തൊഴിൽ നികുതി ഈടാക്കാൻ സാധിക്കാഞ്ഞത്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്, തസ്തിക |
|---|---|---|
| 1 | സെന്റ് മേരീസ് എച്ച്.എസ് മേരീസ്, കൈനകരി | സുനിത ജോസഫ് , യു.പി.എസ്.എ |
| 2 | -ടി- | ലിൻസ് ജോർജ്ജ്, -ടി- |
| 3 | -ടി- | നവീൻ ജോസഫ്, -ടി- |

| | | |
|---|---|---|
| 4 | എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്, കട്ടമംഗലം | മിനിമോൾ.ആർ, സംസ്കൃതാധ്യാപിക |
| 5 | -ടി- | ധനേഷ്.കെ.സി, ഓഫീസ് അറ്റന്റന്റ് |
| 6 | -ടി- | രാജിമോൾ.സി.ആർ, എഫ്.റ്റി.എ |
| 7 | ഹോളി ഫാമിലി ജി.എച്ച്.എസ്, കൈനകരി | സിസ്റ്റർ സോജി ആന്റണി, യു.പി.എസ്.എ |
| 8 | -ടി- | സിസ്റ്റർ ജാൻസി ജോസഫ്, -ടി- |
| 9 | -ടി- | ശ്രീ.സാന്ദ്ര പീറ്റർ, -ടി- |
| 10 | ലിറ്റിൽ ഫ്ളവർ എൽ.പി.എസ്, ആറ്റുവാത്തല | ഷൈനിമോൾ ലൂക്കോസ്, എൽ.പി.എസ്.എ |
| 11 | -ടി- | മെറീന സെബാസ്റ്റ്യൻ, -ടി- |
| 12 | -ടി- | സോണിയ ജോസഫ്, -ടി- |

ഈ ജീവനക്കാരുടെ നിയമനം ക്രമവൽക്കരിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശികയുൾപ്പെടെയുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2. കൈനകരി പഞ്ചായത്ത് വനിത ക്ഷേമ സഹകരണ സംഘം നം 1008(നന്മ സ്റ്റോർ)-ലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും പോസ്റ്റ് ഓഫീസ് - കൈനകരി, പോസ്റ്റ് ഓഫീസ് - കൈനകരി ഈസ്റ്റ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ടി ജീവനക്കാരിൽ നിന്നും കുടിശ്ശികയായ നികുതി പിഴ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ നിലവിൽ നിരവധി കള്ളു ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ഗ്രാമ പഞ്ചായത്തിനു വരുന്ന വരുമാന നഷ്ടത്തിനു പുറമെ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അതിന്റെ പരിധിക്കുള്ളിൽ കള്ള് പോലെയുള്ള ലഹരി പദാർത്ഥങ്ങൾ വിൽക്കപ്പെടുന്ന സ്ഥിതിവിശേഷവും ഇതിനാൽ സൃഷ്ടിക്കപ്പെടുന്നു. തനതു വരുമാനം താരതമ്യേന കുറവായ ഗ്രാമ പഞ്ചായത്ത്, ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം നഷ്ടമാകാനിടവരാതെ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ കള്ളു ഷാപ്പുകളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പുവരുത്തുകയും അവയുടെ വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള ലൈസൻസ് ഫീസ് ഉടൻ തന്നെ ഈടാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി

സൂക്ഷിക്കുന്നില്ല. പെർമിറ്റ് നൽകിയ അപേക്ഷകളുടെ കാര്യത്തിൽ നിർമ്മാണ പ്രവർത്തികളുടെ തുടർ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. നിർമ്മാണത്തിന് അനുമതി നൽകി മൂന്ന് വർഷം കഴിഞ്ഞ കെട്ടിടങ്ങൾ പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയതിന്റെയോ പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ഇതു കാരണം നിർമ്മാണാനുമതി നേടിയവ നിശ്ചിത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയോ, പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടുണ്ട് എന്നത് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നില്ല. അനധികൃത നിർമ്മാണ പ്രവർത്തികൾ നടക്കുന്നതിനും, നേടിയ അനുമതിയിൽ നിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കപ്പെടാതെ പോവുന്നതിനും തൽഫലമായുള്ള നികുതി നഷ്ടത്തിനും സാധ്യതയുണ്ട്.

പഞ്ചായത്തിൽ നടത്തപ്പെടുന്ന നിർമ്മാണ പ്രവർത്തികൾ വേണ്ട വിധം നിരീക്ഷിക്കുവാൻ ഉതകുന്ന വിധത്തിൽ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായ വിധത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-4 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (ഇ.ഡബ്ള്യ) വകുപ്പ് 30.12.2016ൽ പുറപ്പെടുവിച്ചിട്ടുള്ള നം.792455/ഇ.ഡബ്ള്യ 3/2016/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ കൈനകരി ഗ്രാമ പഞ്ചായത്ത് കെ.ഇ.കാർമൽ സ്കൂൾ, കൈനകരി എന്ന സ്കൂളിന് ഓഡിറ്റ് വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. സ്കൂളുകൾ ഇപ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അഭാവത്തോടെ പ്രവർത്തിക്കുന്നത് സുരക്ഷിതമല്ല. ഈ സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന യഥാകാലം നടത്തേണ്ടതാണ്.

## 2-5 ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ അപര്യാപ്തം

ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിച്ചു പോരുന്നത്. ഗ്രാമ പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള 02.07.2009 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)123/2009/ത.സ്വ.ഭ.വ ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുജനങ്ങൾക്കായി ഏർപ്പെടുത്തേണ്ട ഭൗതിക സൗകര്യങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഓഫീസിലേക്കുള്ള പ്രവേശന കവാടത്തിന് അടുത്തുള്ള ഒരു മുറിയിൽ ഒരു കംപ്യൂട്ടറും പ്രിന്ററും സ്ഥാപിച്ച് ഫ്രണ്ട് ഓഫീസായി പ്രവർത്തിച്ചു വരികയാണ്. ഇതൊഴികെ ഫ്രണ്ട് ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്കായി ഒരുക്കേണ്ട ഇരിപ്പിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ, അതിനുള്ള നിബന്ധനകൾ, യോഗങ്ങൾ എന്നിവ സംബന്ധിച്ച് പ്രദർശിപ്പിക്കേണ്ട ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണവും പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളും യഥാസമയം കാര്യക്ഷമവും ഫലപ്രദവുമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം അനിവാര്യമാണ്. ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് ഡയറി പ്രിന്റ് എടുത്ത് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ജനങ്ങൾക്ക് കൃത്യമായി സമയപരിധി പാലിച്ച് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് മോണിട്ടർ ചെയ്യാൻ കഴിയില്ല. ജീവനക്കാർ ആരും തന്നെ തൻപതിവേട് എഴുതി സൂക്ഷിച്ചിട്ടില്ല. ബാക്ക് ഓഫീസ് സൂചിക പ്രാവർത്തികമായിട്ടില്ലാത്ത സാഹചര്യത്തിൽ തൻപതിവേട് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 2-6 പ്രൊക്യൂർമെന്റ് കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടില്ല

ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ/8.11.10 ഉത്തരവ് പ്രകാരം പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മിനുട്സ് പരിശോധിച്ചതിൽ 30.07.14 തീയതിയിലാണ് കമ്മിറ്റി അവസാനമായി യോഗം ചേർന്നിട്ടുള്ളത്. നവംബർ 2015ൽ പുതിയ ഭരണസമിതി അധികാരമേറ്റെങ്കിലും അതിനനുസരിച്ച് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് മാന്യുവലിലെ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വരും വർഷത്തേയ്ക്കുള്ള തങ്ങളുടെ ആവശ്യകത കണക്കാക്കി വാങ്ങേണ്ട ഫർണീച്ചറുകൾക്കായി ഒറ്റ ടെന്റർ ക്ഷണിയ്ക്കണമെന്നാണ് വ്യവസ്ഥ.

എന്നാൽ, പഞ്ചായത്തിൽ ഈ വ്യവസ്ഥ പാലിയ്ക്കപ്പെട്ടിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ വിവിധ പദ്ധതികളിലായി തൻവർഷം 1245325രൂപയുടെ വാങ്ങൽ നടന്നിട്ടുണ്ട്. 8.11.10 ലെ ഉത്തരവിന് വിധേയമായി രൂപീകരിയ്ക്കേണ്ട സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടില്ല. ആയതിനാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ച്, പ്രവർത്തനങ്ങൾ ശരിയാംവിധം നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്കൂളുകൾക്ക് ഫർണീച്ചർ /പാത്രങ്ങൾ വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകങ്ങൾ - കുറവ് നിരക്ക് ഒഴിവാക്കിയത് കാരണം 19,349 രൂപയുടെ അധിക ചെലവ്

സ്കൂളുകൾക്ക് ഫർണീച്ചർ/പാത്രങ്ങൾ വാങ്ങൽ എന്ന പദ്ധതിക്കായി ബിൽ നം.2/15-16 പ്രകാരം 4,50,000 രൂപ പിൻവലിച്ച് കിക്കോ ബിസിനസ്സ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1). കിക്കോ ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല. പ്രിലിമിനറി കരാറിനായി ഹാജരാക്കിയിട്ടുള്ള മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്.

2). ഫയലിൽ കിക്കോ, കാഡ്ക്കോ, കെയ്ക്കോ എന്നീ സ്ഥാപനങ്ങളുടെ ടെണ്ടർ ലഭിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ രണ്ട് സ്ഥാപനങ്ങളെ മാത്രമേ പരിഗണിച്ചിട്ടുള്ളൂ. പ്രിലിമിനറി കരാർ ചമക്കാത്തതിനാൽ കെയ്ക്കോയെ ഒഴിവാക്കിയതായി 25.7.15 ലെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കാഡ്കോ ഒഴികെയുള്ള സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രിലിമിനറി കരാർ ചമച്ചിട്ടില്ല.

3). 10.8.15 ലെ ആരോഗ്യം-വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സിൽ കെയ്ക്കോ വാററുൾപ്പെടെയുള്ള നിരക്കും കാഡ്കോ വാറ്റ് ഒഴികെയുള്ള നിരക്കമാണ് ക്വോട്ട് ചെയ്തിരിക്കുന്നതെന്ന് രേഖപ്പെടുത്തി കാഡ്കോ നിരക്കിനൊപ്പം വാറ്റ് കൂടി കൂട്ടിയെടുത്ത നിരക്കാണ് താരതമ്യം ചെയ്തിരിക്കുന്നത്. കാഡ്കോ വാറ്റ് ഉൾപ്പെടുത്തിയിട്ടില്ല എന്നത് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല. All rates to be inclusive എന്നാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്നെയുമല്ല പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം ക്വാട്ട് ചെയ്ത നിരക്കിൽ എല്ലാത്തരം നികുതികളും ഉൾപ്പെട്ടതായി കണക്കാക്കേണ്ടതാണ് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് പരിഗണിച്ചാവണം താരതമ്യ പത്രിക തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കെയ്ക്കോയുടെ നിരക്ക് എന്ന പേരിൽ മിനിറ്റിസിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ കികോ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ്. തന്നെയുമല്ല കുറവ് നിരക്ക് ക്വോട്ട് ചെയ്തിരിക്കുന്നത് കാഡ്കോയാണ്. സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റിസിൽ കെയ്ക്കോ(കികോ എന്നതിനു പകരം),കാഡ്കോ എന്നീ സ്ഥാപനങ്ങളുടെ 17 ഇനങ്ങളുടെ യൂണിറ്റ് പ്രൈസ് ആയി യഥാക്രമം 32805,31578 രൂപ എന്ന് രേഖപ്പെടുത്തുകയും എന്നാൽ കാഡ്കോ പ്രൈസിനൊപ്പം വാറ്റ് 14.5% കൂടി ഉൾപ്പെടുത്തിയാണ് താരതമ്യം ചെയ്തിരിക്കുന്നത്. പല ഇനങ്ങൾക്കും 5%,14.5%(കികോ ബിൽ പ്രകാരം) എന്നിങ്ങനെ നികുതി വ്യത്യസ്തമായ സാഹചര്യത്തിൽ കാഡ്കോയുടെ ടെണ്ടർ തുകയോടൊപ്പം എല്ലാത്തിനും 14.5% എന്ന രീതിയിലാണ് നികുതി കണക്കാക്കിയത്.

4). ടെണ്ടർ സമർപ്പിക്കപ്പെട്ട 17 ഇനങ്ങളിൽ 10 എണ്ണം ഒഴികെയുള്ളവയിൽ മൺവെട്ടി, കോടാലി, ചീനച്ചട്ടി, കുട്ടകം, ചിരവ, സ്റ്റീൽ പാത്രങ്ങൾ എന്നിവയും 5ലിറ്ററിന്റെ പ്രഷർകുക്കറുമാണ് ഉൾപ്പെട്ടിട്ടുള്ളത്. 5ലിറ്ററിന്റെ പ്രഷർകുക്കർ ടെണ്ടറുകളിൽ ഉൾപ്പെട്ടിരുന്നില്ല. മറ്റുള്ളവ ഒരു കിലോ എന്നതിനെ അടിസ്ഥാനമാക്കിയായിരുന്നു ടെണ്ടറിൽ നിരക്ക് സമർപ്പിക്കപ്പെട്ടതെങ്കിലും ബില്ലിൽ സാധനങ്ങളുടെ വില ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

5). താഴെ പേര് ചേർക്കപ്പെട്ട 10 ഇനങ്ങളിൽ കുറവ് നിരക്ക് ഒഴിവാക്കിയത് കാരണം 30409 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | സാധനങ്ങളുടെ വിവരം | വാങ്ങിയ എണ്ണം | കികോ നിരക്ക് | തുക | കാഡ്കോ നിരക്ക് | തുക | വ്യത്യാസം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | അലമാര, 18ഗേജ് | 12 | @7465 | 89580 | @6300 | 75600 | 13980 |
| 2. | പ്ലാസ്റ്റിക് കസേര,നീൽകമൽ | 85 | @485 | 41225 | @447 | 37995 | 3230 |
| 3. | ബെഞ്ച്- ആഞ്ഞിലിത്തടി | 20 | @2490 | 49800 | @2300 | 46,000 | 3800 |
| 4. | സ്റ്റീൽ റാക്ക്,18ഗേജ് | 31 | @2849 | 88319 | @2600 | 80600 | 7719 |
| 5. | ഇൻഡക്ഷൻ കുക്കർ | 2 | @2150 | 4300 | @1800 | 3600 | 700 |
| 6. | പ്രഷർ കുക്കർ 22 ലി | 1 | @5340 | 5240 | @4950 | 4950 | 290 |
| 7. | 10 ലി | 1 | @2690 | 2690 | @2000 | 2000 | 690 |
| | | | | | | | 30409 |

6). പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റിസിൽ നീൽകമൽ കസേര @426 (85x426=35784) വാങ്ങുന്നതിനാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ബിൽ പ്രകാരം @485 (85x485=41225) ന്റെ നിരക്കാണ് ഉൾപ്പെടുത്തിയത്. 5441/- രൂപ അധികമായി ചെലവഴിച്ചു.

മേൽ പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടെണ്ടറിനൊപ്പമുള്ള ലിസ്റ്റിൽ statutory levies extra എന്ന് രേഖപ്പെടുത്തിയിരുന്നുവെന്നാണ് മറുപടി നൽകിയത്. എന്നാൽ ടെണ്ടറിൽ All rates to be inclusive എന്ന് എഴുതിയിരിക്കുന്ന സാഹചര്യത്തിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തോട് ഇതിൻ മേൽ വ്യക്തത ആവശ്യപ്പെടാമായിരുന്നു. അപ്രകാരം ചെയ്തിട്ടില്ല. തന്നെയുമല്ല പ്രത്യേകിച്ച് നികുതി നിരക്ക് ലിസ്റ്റിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ എപ്രകാരമാണ് താരതമ്യ പത്രിക തയ്യാറാക്കിയപ്പോൾ നികുതി ഉൾപ്പെടുത്തി നിരക്ക് കണക്കാക്കിയത് എന്നും വ്യക്തമല്ല. പല ഇനങ്ങൾക്കും 5%,14.5%എന്നിങ്ങനെ നികുതി വ്യത്യസ്തമായ സാഹചര്യത്തിൽ എല്ലാത്തിനും 14.5% എന്ന രീതിയിലാണ് നികുതി കണക്കാക്കിയത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. അധികത്തുക 35850/- തടസ്സപ്പെടുത്തുന്നു.

## 3-2 ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക നിശ്ചയിച്ചു- 859070 രൂപയുടെ അധിക ചെലവ്

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം.DB.3/6512/2013/CE/LSGD തീയതി 13.2.2014 അനുസരിച്ച് 2014-15, 2015-16 കാലഘട്ടങ്ങളിൽ മരാമത്ത് വേലകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) അടിസ്ഥാനത്തിലായിരുന്നു. DSR ൽ ഇല്ലാത്ത ഇനം വേലകൾക്കു മാത്രമാണ് പ്രാദേശിക നിരീക്ഷണമനുസരിച്ചുള്ള നിരക്ക നിർണ്ണയി ക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ വർഷം നടപ്പാക്കിയ മരാമത്ത് വേലകളിൽ എർത്ത് ഫില്ലിംഗ് ഇനത്തിന് ടി നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക നിശ്ചയിച്ചതു മൂലം ഭീമമായ അധികചെലവുണ്ടായിട്ടുള്ളതായി കാണുന്നു. കമ്പോള നിരക്ക് എവിടെ നിന്നും ലഭ്യമായി എന്ന് വ്യക്തമല്ല.

DSR 2014 Vol. I ഇനം 2.2.1 പ്രകാരമുള്ള എർത്ത് വർക്ക് നിരക്കിനൊപ്പം കോസ്റ്റ് ഇൻഡക്സും ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് നിരക്കും കൂട്ടിയാണ് നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്. ജില്ലയിലെ ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളിലും ഇപ്രകാരമാണ് ഈയിനം വേലകൾക്ക് നിരക്ക് നിർണ്ണയിച്ചത്. എന്നാൽ അതിനു പകരം ഗ്രാവലിന് കമ്പോള നിരക്ക് എന്ന പേരിൽ ഭീമമായ വിലയും നിരത്തുകൂലിയും ബോട്ട്കൺവേയൻസും ഉൾപ്പെടുത്തിയുള്ള നിരക്കാണ് നിർണ്ണയിച്ചിരിക്കുന്നത്. earth filling with gravelly cuttings,earth filling with good gravelly earth എന്നിങ്ങനെ യഥാക്രമം 1160,1400രണ്ട് രീതിയിൽ നിരക്ക് (മാർക്കറ്റ് നിരക്ക്) നൽകിയാണ് ആകെ നിരക്കിൽ എത്തിയിരിക്കുന്നത്. Quarry muck filling നും 1500 എന്ന് മാർക്കറ്റ് നിരക്ക് നൽകിയാണ് ആകെ നിരക്ക്

കണക്കാക്കിയിരിക്കുന്നത്.

വിവിധ വാർഡുകൾക്ക് രണ്ടു രീതിയിലുള്ള കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമാണ് നിരക്ക് അനുവദിച്ചിരിക്കുന്നത്.

| ഇനം | കരാറുകാരന്റെ നിരക്ക് | | ഗുണഭോക്തൃസമിതി നിരക്ക് | |
|---|---|---|---|---|
| | പുന്നമട കോസ്റ്റ് ഇൻഡക്സ് (1.5524) | ആലപ്പുഴ കോസ്റ്റ് ഇന്റക്സ് (1.4571) | പുന്നമട കോസ്റ്റ് ഇൻഡക്സ് (1.5524) | ആലപ്പുഴ കോസ്റ്റ് ഇന്റക്സ് (1.4571) |
| earth filling with gravelly cuttings | 1881.89 | 1511.12 | 1636.43 | 1314.01 |
| earth filling with good gravelly earth | 2160.65 | 1789.88 | 1878.83 | 1556.41 |
| Filliing with quarry waste | 2276.80 | 1906.03 | 1979.83 | 1657.41 |

സമീപ പഞ്ചായത്തുകളിൽ (അമ്പലപ്പുഴ തെക്ക്) ഗ്രാവൽ ഫില്ലിംഗിന് കട്ടിംഗ് ചാർജ്ജ്,കൺവേയൻസ് എന്ന രീതിയിൽ താഴെ പറയും പ്രകാരമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.

| | |
|---|---|
| DSR 2014 ഇനം 2.2.1 പ്രകാരമുള്ള നിരക്ക് *(ലേബർ, റോളർ ചാർജ്ജ്, 1%വാട്ടർ ചാർജ്ജ്, കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 383.09 |
| ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് ചാർജ്ജ് (48 കി.മീ.) *(കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ്,വാട്ടർ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 533.91 |
| ആകെ | 383.09x1.4571 (കോസ്റ്റ് ഇൻഡക്സ്) |

| | |
|---|---|
| | +533.91<br>=1092.110/$m^3$ |
| ഗുണഭോക്തൃ സമിതികൾക്ക് അനുവദനീയമായ പരമാവധി നിരക്ക് | 949.65/$m^3$ |

DSR പ്രകാരം ഫില്ലിഗിന്, റോളർ ഉപയോഗിച്ചുള്ള കൺസോളിഡേഷൻ ചെയ്താൽ പോലും അനുവദനീയമായ പരമാവധി നിരക്ക് ചുവടെ ചേർക്കുന്നു (1 ഘനമീറ്ററിന്)

| | കരാറുകാരന്റെ നിരക്ക് | ഗുണഭോക്തൃസമിതി നിരക്ക് |
|---|---|---|
| DSR 2014 ഇനം 2.2.1 പ്രകാരമുള്ള നിരക്ക് -(*ലേബർ, റോളർ ചാർജ്ജ്, 1%വാട്ടർ ചാർജ്ജ്, കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 383.09 | 333.118 |
| ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് ചാർജ്ജ് (38 കി.മീ.) - (*കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 453.75 | 394.57 |
| ബോട്ട് കൺവേയൻസ് | 310 | 310 |

| ഇനം | ഗുണഭോക്തൃസമിതി നിരക്ക് | | |
|---|---|---|---|
| | പുന്നമട കോസ്റ്റ് ഇൻഡക്സ് (1.5524) | പുന്നമട സ്പിൽ ഓവർ (1.48) | ആലപ്പുഴ കോസ്റ്റ് ഇന്റക്സ് (1.4571) |
| earth filling with gravelly cuttings/earth filling with good gravelly earth | 333.118x1.5524+ 394.57+310 =1221.70/$m^3$ | 333.118x1.48+ 394.57+310 =1197.58/$m^3$ | 333.118x1.4571+ 394.57+310 =1189.95/$m^3$ |

ഓഡിറ്റ് വർഷം ഇപ്രകാരം അധിക നിരക്ക അനുവദിച്ചതുമൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പദ്ധതിയുടെ വിവരം | ചെയ്ത പ്രവൃയുടെ വിവരം | ചെയ്ത അളവ്, നിരക്ക് | അനുവദിച്ച തുക | അനുവദനീയമായ നിരക്ക്, തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | 8 വാർഡിൽ | EW filling | 133.70 | 218788.02 | 133.70 | 55446.73 |

| | | | | | | |
|---|---|---|---|---|---|---|
| | ചിന്നത്തോപ്പ് മുതൽ സെന്റ് മേരീസ് സ്കൂൾ നടപ്പാത പുനരുദ്ധാരണം, s0069/16<br>അടങ്കൽ തുക-3,00,000<br>കൺവീനർ-പി.ജെ.ജയിംസ്<br>കരാർ നം-3/15-16 /27.7.15<br>എം.ബുക്ക് നം-9/15-16<br>തുക,ബിൽ നം,തീയതി-2,98,990<br>18/21.3.16 | gravelly cuttings | @1636.41/$m^3$ | | @1221.70/$m^3$ =163341.29 | |
| | | Ew filling good gravelly earth | 33.68$m^3$ @1878.81/$m^3$ | 63278.32 | 33.68$m^3$ @1221.70/$m^3$ =41146.856 | 22131.46 |
| 2 | S0081/16, 11വാർഡിൽ കുറുങ്ങാട്ട് മുതൽ പുത്തൻ ചിറ വരെ നടപ്പാത ഗ്രാവലിംഗ്<br>അടങ്കൽ തുക-2,00,000<br>കൺവീനർ-ആർ.വിജയൻ<br>കരാർ നം-13/2.6.15<br>എം.ബുക്ക് നം-9/15-16<br>തുക,ബിൽ നം,തീയതി-2,00,000,15/15.3.16 | Ew filling with gravelly earth from available places | 41.40$m^3$ @1556.40/$m^3$ | 64434.96 | 41.40m3 @1189.95/$m^3$= 49261.86 | 15173.10 |
| 3 | S030/16,(സ്പിൽ ഓവർ-പുന്നമട)<br>15 വാർഡിൽ കുപ്പപ്പുറം പാടശേഖരം,കട്ട ഗ്രാവൽ.<br>അടങ്കൽ തുക-444440<br>കൺവീനർ-പി.ബി.രാജു<br>കരാർ നം-7/8.10.14<br>എം.ബുക്ക് | Ew filling good gravelly earth | 109.20$m^3$ @1625.53/$m^3$ | 177507.88 | 109.20$m^3$ @1197.58/$m^3$ =130775.736 | 46732.144 |

| | | | | | | |
|---|---|---|---|---|---|---|
| | നം-46/14-15<br>തുക,ബിൽ നം,തീയതി-1,34,961/-part<br>284494,7/27.01.16<br>17/21.3.16 | | | | | |
| 4 | S083/16<br>13വാർഡിൽ ചിറയിൽ, കാരിക്കാത്ര നടപ്പാത ഗ്രാവലിംഗ് അടങ്കൽ തുക-1,50,000<br>കൺവീനർ-രഘു<br>കരാർ നം-12/3.10.15<br>എം.ബുക്ക് നം-7/15-16<br>തുക,ബിൽ നം,തീയതി-149879,16/15.3.16 | Ew filling good gravelly earth | $31m^3$<br>@1878.81/$m^3$ | 58243.11 | $31m^3$<br>@1221.70/$m^3$<br>=37872.7 | 20370.41 |
| 5 | 82/16,<br>12വാർഡിൽ ചെറുപുഷ്പം മുതൽ ഉളുപ്പറമ്പ് നടവഴി ഗ്രാവലിംഗ്<br>അടങ്കൽ തുക-3,00,000<br>കൺവീനർ-പി.ജി മണിയപ്പൻ<br>കരാർ നം-18/25.1.16<br>എം.ബുക്ക് നം-8/15-16<br>തുക,ബിൽ നം,തീയതി-298834,14/15.03.16 | Ew filling gravelly earth | 106.06<br>@1556.40/$m^3$ | 165071.78 | 106.06<br>@1189.95/$m^3$<br>=126206.097 | 38865.683 |
| 6 | 85/16,14 വാർഡിൽ ചെമ്പോട്ട് തറ വരെ നടപ്പാത ഗ്രാവലിംഗ് അടങ്കൽ തുക-2,50,000<br>കൺവീനർ-വി.കെ.പ്രഹ്ളാദൻ<br>കരാർ നം9/3.10.15-<br>എം.ബുക്ക് നം-22/15-16 | Ew filling good gravelly earth | $66.28m^3$<br>@1878.81/$m^3$ | 1,24,527.53 | $66.28m^3$<br>@1221.70/$m^3$<br>=80974.276 | 43553.254 |

| | | | | | | |
|---|---|---|---|---|---|---|
| | തുക,ബിൽ നം, തീയതി-222227/-,26 /31.3.16 | | | | | |
| 7 | 60/16,3വാർഡിൽ ചാവറപ്പള്ളി വരെ നടപ്പാത<br>അടങ്കൽ തുക-150,000<br>കൺവീനർ-മോൻസി ജോസഫ്<br>കരാർ നം-27/1.3.16<br>എം.ബുക്ക് നം-24/15-16<br>തുക,ബിൽ നം,തീയതി-148335,27/31.3.16 | Ew filling good gravelly earth | 24.20$m^3$ @1878.83/$m^3$ | 45467.68 | 24.20$m^3$ @1221.70/$m^3$ =29565.14 | 15902.54 |
| 8 | So029/16,(സ്പിൽ ഓവർ-പുന്നമട)<br>അടങ്കൽ തുക-6,00,000<br>കൺവീനർ-രാജീവ് കുമാർ<br>കരാർ നം-47/30.1.15<br>എം.ബുക്ക് നം-53/14-15<br>തുക,ബിൽ നം,തീയതി-<br>1,44,531part<br>455010,6/28.12.15<br>12/25.02.16 | Ew filling gravelly earth | 114.72$m^3$ @1625.53/$m^3$ | 186480.80 | 114.72$m^3$ @1197.58/$m^3$ =137386.3776 | 49094.4224 |
| 9 | So122/16<br>4വാർഡിൽ തുണ്ടിയിൽ മുതൽ കണിച്ചേരി വഴെ നടപ്പാത ഗ്രാവലിംഗ്<br>അടങ്കൽ തുക-2,00,000<br>കൺവീനർ-ചാക്കോ വർഗ്ഗീസ്<br>കരാർ നം-15/3.10.15<br>എം.ബുക്ക് | Ew filling good gravelly earth | 50.76$m^3$ @1878.83/$m^3$ | 95369.41 | 50.76$m^3$ @1221.70/$m^3$ =62,013.492 | 33355.918 |

| | | | | | | |
|---|---|---|---|---|---|---|
| | നം-12/15-16<br>തുക,ബിൽ നം,തീയതി-199217,24/29.3.16 | | | | | |
| 10 | S0033/16<br>(സ്പിൽ ഓവർ-പുന്നമട)<br>5 വാർഡിൽ ഊളാശ്ശേരി തുരുത്ത വരെ നടപ്പാത<br>അടങ്കൽ തുക-2,00,000<br>കൺവീനർ-സ്വപ്ന<br>കരാർ നം-53/11.2.15<br>എം.ബുക്ക് നം-48/14-15<br>തുക,ബിൽ നം, തീയതി-<br>1,06,927<br>90626,4/22.8.15<br>4275/-,5/30.10.15 | Ew filling gravelly earth | 68.373 @1625.53/$m^3$ | 111142.36 | 68.373 @1197.58/$m^3$= 81882.137 | 29260.222 |
| 11 | S0057/16<br>2വാർഡിൽ ജനകീയ തോട് മുതൽ പാനാപ്പറമ്പ് വരെ നടപ്പാത<br>അടങ്കൽ തുക-2,22,220<br>കൺവീനർ-റ്റിഷോർ<br>കരാർ നം-10/3.10.15<br>എം.ബുക്ക് നം-2/15-16<br>തുക,ബിൽ നം,തീയതി<br>2,00,000,<br>8/27.01.16 | Ew filling good gravelly earth | 67.50$m^3$ @1878.83/$m^3$ | 126819.67 | 67.50$m^3$ @1221.70/$m^3$ =82464.75 | 44354.92 |
| 12 | S084/16<br>13 വാർഡിൽ നാണ്യത്ര മുതൽ അറുന്നൂറ്റം പാടം പള്ളി വരെ നടപ്പാത<br>അടങ്കൽ | Ew filling gravelly earth | 81$m^3$ @1556.40/$m^3$ | 126068.40 | 81$m^3$ @1189.95/$m^3$ =96385.95 | 29682.45 |

| | | | | | | |
|---|---|---|---|---|---|---|
| | തുക-2,50,000<br>കൺവീനർ-പി.എ.അബ്രഹാം<br>കരാർ നം-7/28.09.15<br>എം.ബുക്ക് നം-4/15-16<br>തുക,ബിൽ നം,തീയതി-249585,9/18.2.16 | | | | | |
| 13 | S0058/16<br>2 വാർഡിൽ ചെറുകായലിക്കായൽ മുതൽ കിഴക്കോട്ട് നടപ്പാത ഗ്രാവലിംഗ്<br>അടങ്കൽ തുക-1,00,000<br>കൺവീനർ-ഹർഷകുമാർ<br>കരാർ നം-17/25.1.16<br>എം.ബുക്ക് നം-11/15-16<br>തുക,ബിൽ നം,തീയതി-1,00,000,23/29.03.16 | EW filling gravelly cuttings | 40.50 @1636.41/$m^3$ | 66274.61 | 40.50 @1221.70/$m^3$ =49478.85 | 16795.76 |
| | | Ew filling gravelly earth | 15$m^3$ @1878.83/$m^3$ | 28182.15 | 15m3@1221.70/$m^3$ =18325.5 | 9856.65 |
| 14 | S071/16<br>9വാർഡിൽ പൗവ്വത്ത് കടവ് വരെ നടപ്പാത ഗ്രാവലിംഗ്<br>അടങ്കൽ തുക-<br>കൺവീനർ-കെ.ബി പ്രസന്നകുമാർ<br>കരാർ നം-6/11.09.16<br>എം.ബുക്ക് നം-5/15-16<br>തുക,ബിൽ നം,തീയതി-199301,11/19.02.16 | Ew filling good gravelly earth | 34.32$m^3$ @1878.83/$m^3$ | 64480.76 | 34.32$m^3$ @1221.70/$m^3$ =41928.744 | 22552 |
| 15 | S063/16<br>4വാർഡിൽ ഷാപ്പ് പൊതുകടവ് മുതൽ | Ew filling gravelly earth | 98.05$m^3$ @1878.83/$m^3$ | 184217.32 | 98.05$m^3$ @1221.70/$m^3$ =119787.685 | 64429.635 |

| | | | | | | |
|---|---|---|---|---|---|---|
| | മുക്കോട്ട് തറ കലുങ്ക് വരെ നടപ്പാത നിർമ്മാണം<br>അടങ്കൽ തുക-2,00,000<br>കൺവീനർ-ജോയ്<br>കരാർ നം-2/22.7.15<br>എം.ബുക്ക് നം-6/15-16<br>തുക,ബിൽ നം,തീയതി-195270 63/15.03.16 | | | | | |
| 16 | S0114/16<br>തോട്ടുവാത്തല യു.പി.എസ് ഗ്രൗണ്ട് ഉയർത്തൽ<br>അടങ്കൽ തുക-346576<br>കൺവീനർ-ഗായത്രി.ആർ<br>കരാർ നം-20/25.1.16<br>എം.ബുക്ക് നം-14/15-16<br>തുക,ബിൽ നം,തീയതി-346390,21/29.03.16 | Ew filling gravelly earth | 209.96 $m^3$ @1556.40/$m^3$ | 326781.74 | 209.96 $m^3$ @1189.95/$m^3$ =249841.902 | 76939.838 |
| 17 | S0034/16<br>(സ്പിൽ ഓവർ-പുന്നമട)<br>2വാർഡിൽ കപ്പിശ്ശേരിത്തറ പാലം മുതൽ ഗോവിന്ദസദനം വരെ ഗ്രാവലിംഗ്<br>അടങ്കൽ തുക-333330<br>കൺവീനർ-കുട്ടപ്പൻ<br>കരാർ നം-12/10.10.15<br>എം.ബുക്ക് | Ew filling gravelly earth | 68.373 @1625.53/$m^3$ | 161220.07 | 68.373 @1197.58/$m^3$ =81882.137 | 79337.93 |

| | | | | | | |
|---|---|---|---|---|---|---|
| | നം-49/14-15<br>തുക,ബിൽ നം,തീയതി<br>89713<br>210287,30/31.3.16 | | | | | |
| 18 | S0059/16<br>3വാർഡിൽ ചാക്കോക്കളംപാലം മുതൽ കല്ലുപാലം വരെ നടപ്പാത ഗ്രാവലിംഗ്<br>അടങ്കൽ തുക-150000<br>കൺവീനർ-ശ്യാംകുമാർ<br>കരാർ നം-21/27.1.16<br>എം.ബുക്ക് നം-17/15-16<br>തുക,ബിൽ നം,തീയതി-<br>149367,31/31.3.16 | Ew filling good gravelly earth | $36m^3$ @1878.81/$m^3$ | 67637.16 | $36m^3$ @1221.70/$m^3$ =43981.2 | 23655.96 |
| 19 | S0054/16<br>1വാർഡിൽ ശോഭന ലിഥിൻ ഭവനം മുതൽ അംഗൻവാടി വരെ നടപ്പാത ഗ്രാവലിംഗ്<br>അടങ്കൽ തുക-2,00,000<br>കൺവീനർ-പി.എൻ രാധാകൃഷ്ണൻ<br>കരാർ നം-11/3.10.15<br>എം.ബുക്ക് നം-13/15-16<br>തുക,ബിൽ നം,തീയതി-2,00,000,22/29.03.16 | Ew filling good gravelly earth | $100.50m^3$ @1878.81/$m^3$ | 188820.41 | $100.50m^3$ @1221.70/$m^3$ =122780.85 | 66039.56 |
| 20 | 75/16<br>9വാർഡിൽ അങ്ങാടിശ്ശേരി മുതൽ പാട്ടപ്പറമ്പിൽ വരെ | Ew filling gravelly earth | 30.40 $m^3$ @1556.40/$m^3$ | 47315 | 30.40 $m^3$ @1189.95/$m^3$ =36174.48 | 11140.52 |

| | | | | | | |
|---|---|---|---|---|---|---|
| | നടപ്പാത<br>അടങ്കൽ തുക-<br>കൺവീനർ- ജോസഫ് ചാക്കോ<br>കരാർ നം-5/11.9.15<br>എം.ബുക്ക് നം-16/15-16<br>തുക,ബിൽ നം,തീയതി<br>50,000,20/29.03.16 | | | | | |
| 21 | So56/16<br>2 വാർഡിൽ പട്ടരുമഠം സണ്ണിയുടെ വീട് മുതൽ വലിയവീട് വരെ ഗ്രാവലിംഗ്<br>അടങ്കൽ തുക-100000<br>കൺവീനർ-സുമ<br>കരാർ നം-23/10.02.16<br>എം.ബുക്ക് നം-19/15-16<br>തുക,ബിൽ നം,തീയതി- 98927,32/31.03.16 | EW filling gravelly cuttings | $7.71m^3$ @$1636.41/m^3$ | 12714.91 | $7.71m^3$ @$1221.70/m^3$ =9419.307 | 3295.603 |
| | | Ew filling good gravelly earth | $15.18m^3$ @$1878.83/m^3$ | 28520.34 | $15.18m^3$ @$1221.70/m^3$ =18545.406 | 9974.9346 |
| 22 | So35/16,(സ്പിൽ ഓവർ-പുന്നമട) വാർഡിൽ ചക്രപ്പുരക്കൽ മുതൽ പുളിമ്പറമ്പ് വരെ നടപ്പാത<br>അടങ്കൽ തുക-444440<br>കൺവീനർ-റെൻസ് ചാക്കോ<br>കരാർ നം - 8/8.10.14<br>എം.ബുക്ക് നം-51/14-15<br>തുക,ബിൽ നം,തീയതി | Ew filling gravelly earth | 72.74 @$1625.53/m^3$ | 118241.05 | 72.74 @$1197.58/m^3$ =87111.9692 | 31129.08 |

| | | | | | | |
|---|---|---|---|---|---|---|
| | 126442<br>267086,33/31.3.16 | | | | | |
| | | | | | | 859070 |

ഇപ്രകാരം കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക നിശ്ചയിച്ച് പ്രവൃത്തി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസി.എക്സ്.എഞ്ചിനീയറാണ് നിരക്ക് നിർണ്ണയിച്ചതെന്നാണ് മറുപടി നൽകിയത്. ആയതിനാൽ അധികരിച്ച് ചെലവഴിച്ച 859070 രൂപ നിരക്ക് നിശ്ചയിച്ച് നൽകിയ അസി.എക്സ് എഞ്ചിനീയറിൽ നിന്നും പദ്ധതിയുടെ നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും പദ്ധതിയുടെ നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തി - ഫയൽ ഹാജരാക്കിയില്ല

കനകാശ്ശേരി ഐ.എച്ച്.ഡി.പി കോളനിയിലെ തുരുത്തുകൾക്ക് ചുറ്റും കല്ലുകെട്ടി തുരുത്ത് സംരക്ഷണം (s037/16) എന്ന പദ്ധതിക്കായി 2014-15, 2015-16 വർഷങ്ങളിലായി യഥാക്രമം 5,20,617/-, 6,13,549/-(ആകെ 11,34,166) രൂപ ചെലവഴിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ ഫയൽ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഫയൽ ഓഡിറ്റിൽ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ഫയൽ ആലപ്പുഴ വിജിലൻസ് ഓഫീസിൽ ഹാജരാക്കിയിരിക്കുകയാണെന്നാണ് മറുപടി നൽകിയത്. ഫയൽ ഹാജരാക്കാത്ത സാഹചര്യത്തിൽ 6,13,549 രൂപ (ബിൽ നം.2/29.06.15)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഡെപ്പോസിറ്റ് വർക്കുകൾ - ജല അതോറിറ്റിയിലെ ഡെപ്പോസിറ്റ് ബാലൻസ് തുകകൾ തുടർ വർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുന്നില്ല

2015-16 വർഷം താഴെ പറയുന്ന വേലകൾക്കായി 492629 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | വേലയുടെ പേര്- പ്രോജക്ട് നമ്പർ | തുക-ബിൽ നമ്പർ, തീയതി |
|---|---|---|
| 1 | 5-ം വാർഡിൽ ഭജനമഠം ക്ഷേത്രത്തിനു പടിഞ്ഞാറുവശം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ --S090/16 | 196317 —40/30-3-16 |
| 2 | 5-ം വാർഡിൽ ഭജനമഠം പാലത്തിനു കിഴക്കുവശം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S091/16 | 196312 —39/30-3-16 |
| 3 | 12-ം വാർഡിൽ തേവരു പറമ്പ് മുതൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ--S092/16 | 100000 —41/31-3-16 |
| | ആകെ | 492629 |

ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1) 5-6-16 ൽ തുക കൈപ്പറ്റിയതായി KWA യുടെ കൈപ്പറ്റ് രസീത് ഉണ്ട് എന്നതല്ലാതെ വേല പൂർത്തീകരിച്ചതായുള്ള രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

2) 2014/15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ: 3-2 പ്രകാരം 2014/15 വർഷത്തെ വേലകൾക്കായി KWA യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വേല പൂർത്തീകരിച്ചതിനു ശേഷം 251122 രൂപ അവശേഷിക്കുന്നതായി KWA എക്സിക്യൂട്ടീവ് എഞ്ചിനീയർ 30-10-15 ലെ 5873/15-ം നമ്പർ വിനിയോഗസാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ ജല അതോറിറ്റിയിൽ നിക്ഷേപമായി അവശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിൽ അഡ്ജസ്റ്റ്

ചെയ്തിട്ടില്ല.

3) പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്ററിൽ 2010-11 മുതൽ KWAയ്ക്കും KSEB യ്ക്കും നൽകിയിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടില്ല.

KWA, KSEB തുടങ്ങിയ സ്ഥാപനങ്ങളിൽ വേല നടത്തുന്നതിനായി ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കൃത്യമായ കരാർ ചമയ്ക്കേണ്ടതും യഥാസമയം വേല പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 3-5 സെക്രട്ടറിയുടെ പ്ളാൻ അക്കൗണ്ടിൽ വർഷങ്ങളായി തുക ചെലവഴിക്കാതെ നിൽക്കുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ SBTകൈനകരി ബ്രാഞ്ചിൽ അക്കൗണ്ട് നം. 57043123180-ൽ 2012-13വർഷം മുതൽ 940434രൂപ ചെലവഴിക്കാതെ മിച്ചം നിൽക്കുന്നു. മാത്രമല്ല ഈ തുകയ്ക്ക് ബാങ്ക് പലിശ നൽകുന്നുമില്ല. ഈ തുക ഏതിനത്തിൽ വന്നതെന്നും നാളിതുവരെ ചെലവഴിക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കണമെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/18.1.17) തുക ഏതിനത്തിലേതാണെന്ന കണ്ടെത്തി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. തുക ഏതിനത്തിൽ വന്നതാണെന്ന കണ്ടെത്തേണ്ടതും ആയത് വികസന ഫണ്ട് തുകയാണെങ്കിൽ സർക്കാരിലേക്ക് തിരികെ അടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-6 ആശ്രയ ഭവന നിർമാണം - പദ്ധതി വിഹിത തുകകൾ സ്ഥിരനിക്ഷേപമായി അക്കൗണ്ടിൽ നിലനിൽക്കുന്നു

2015-16 വർഷം ചുവടെ പേരുചേർത്തിരിക്കുന്ന നാലു ഗുണഭോക്താക്കൾക്ക് ഭവന നിർമാണ ധനസഹായം അനുവദിക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 1000000 രൂപ അനുവദിച്ചു (ചെക്ക് നം-956928/14-12-15). ടി തുക സിഡിഎസിന് കൈമാറുകയും ആലപ്പുഴ വിജയാബാങ്കിൽ സിഡിഎസിന്റെ പേരിലുള്ള 3706ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു.

1) പൊന്നമ്മ,ചിറത്തറ

2) ശോശാമ്മ, പൗവ്വത്തുചിറ

3)ഉത്തമൻ,മണ്ണാമണ്ണേൽ

4)അമ്മിണി,പാട്ടത്തിൽചിറ

എന്നാൽ നാളിതുവരെ ഇവർ ഭവനനിർമാണം ആരംഭിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളിൽ ശ്രീ.ഉത്തമൻ ഒഴികെയുള്ള ഗുണഭോക്താക്കൾക്ക് സ്വന്തം പേരിൽ ഭൂമിയില്ല എന്നും ടിയാന് ഭൂമിയുണ്ടങ്കിലും അതിന് കൈവശരേഖയില്ല എന്നുമാണ് സിഡിഎസിൽനിന്നും അറിയുവാൻ കഴിഞ്ഞത്. ഇതു മൂലം ടി ഗുണഭോക്താക്കളെ സംബന്ധിച്ചടുത്തോളം സ്വന്തമായി ഭവനം എന്നത് സ്വപ്നം മാത്രമായി അവശേഷിക്കുന്നു. ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്താതെ വീടിനുമാത്രമായി ഗുണഭോക്തൃലിസ്റ്റു തയ്യാറാക്കി ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചതിനാലാണ് തുക ലഭിച്ചിട്ടും അഗതികൾക്ക് വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കാതെപോയത്.

പഞ്ചായത്ത് ഭരണസമിതി, ആശ്രയാ പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടം നിക്ഷിപ്തമായ മേൽനോട്ട സമിതി എന്നിവയുടെ അടിയന്തിര ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-7 അഗതി ആശ്രയ-പ്രോജക്ക് നടപ്പാക്കിയിട്ടില്ല

പ്രോജക്ട്-നം-S010/15-16

തുക-300000,ബിൽ നം-9/15-16, 23-3-16

അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട 12 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിക്കായി ഒരാൾക്ക് 25000 രൂ വീതം വകയിരുത്തി 300000 രൂപ പിൻവലിച്ച് ഡി.ഡി നം240537/27-5-16പ്രകാരം സിഡിഎസിന് കൈമാറിയിട്ടുണ്ട്. ടി

തുക സി.ഡി.എസിന് പ്രസിഡന്റിന്റെയും മെമ്പർ സെക്രട്ടറിയുടേയും പേരിലുള്ള എസ്.ബി.റ്റി 670571511ാം നം അക്കൗണ്ടിൽ നിക്ഷേപിച്ചു. എന്നാൽ നാളിതുവരെ ആനുകൂല്യത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്താവിന്റെ പോലും വീട് അറ്റകുറ്റപ്പണിക്കായി തുക വിനിയോഗിച്ചിട്ടില്ല. ഇതിനുള്ള കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം-നം-4/18-1-17 ന് മറുപടി നൽകിയിട്ടില്ല. ആലംബഹീനരും അവശതയനുഭവിക്കുന്നവരുമായ വിഭാഗങ്ങളുടെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്ന പദ്ധതി വിഹിതം കൺസോൾഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-8 അഗതി-ആശ്രയ വൻതുക ബാക്കിനിൽക്കുന്നു.

ആശ്രയ പദ്ധതിക്കായി SBT യിൽ സിഡിഎസ് പ്രസിഡന്റിന്റെയും മെമ്പർ സെക്രട്ടറിയുടേയും പേരിൽ 28-6-12 ൽ ആരംഭിച്ച 67057151184ാ-ം നം അക്കൗണ്ടിൽ 23-12-16 ൽ 2431599 രൂപയും ആലപ്പുഴ വിജയാബാങ്ക് ശാഖയിൽ 28-3-15 ൽ ആരംഭിച്ച 3706 ാം നമ്പർ അക്കൗണ്ടിൽ 1696933രൂപയും (6-1-17ൽ) ഉൾപ്പെടെ ആകെ 4128532 രൂപ ബാക്കിനിൽക്കുന്നു. തുകകളുടെ സ്രോതസ്സ് കൃത്യമായി കണ്ടെത്തി പദ്ധതി വിഹിതം തുകകൾ സ്റ്റേറ്റ് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-9 പാലിയേറ്റീവ് കെയർ - മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നം-S0014/15-16

| | |
|---|---|
| 75600 | ബിൽ നം-1/15-16, 12-8-15 |
| 63176 | ബിൽ നം-2/15-16, 18-8-15 |
| 10006 | ബിൽ നം-3/15-16, 29-8-15 |
| 100000 | ബ്ളോക്ക് വിഹിതം (ചെക്ക് നം-024928/28-3-16) |

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനായി പെർഫോർമാ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ഡി.ഡി നം-240590/4-6-16പ്രകാരം 22267 രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷൻ നൽകി. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഇൻവോയിസ് പ്രകാരമുള്ള ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ നാളിതുവരെ പാലിയേറ്റീവ് കെയർ ഉപയോഗത്തിനായി ടി സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| ഇനം | എണ്ണം | ഒരെണ്ണത്തിന്റെ വില | ആകെ വില |
|---|---|---|---|
| FOLY CATHETER-20 | 30 | 50 | 1500 |
| COTTON WOOL400GM | 10 | 122.25 | 1222.5 |
| POVIDONE IODINE | 100 (76എണ്ണം ലഭിച്ചു) ബാക്കി-24 | 15.75 | 378 |
| POVIDONE IODINE5% | 15 | 91 | 1365 |
| BANDAGE100X10 | 10 | 85 | 850 |
| GLOVES-7 | 10 | 11 | 110 |
| SYRINGE50ML | 20 | 34 | 680 |

| | | | |
|---|---|---|---|
| RYLES TUBE16 | 12 | 12.5 | 150 |
| URI-COND MEDIUM | 20 | 10 | 200 |
| URI-COND LARGE | 10 | 10 | 100 |
| METROGEL 200MG(TAB) | 1000 (107എണ്ണം ലഭിച്ചു) ബാക്കി893 | .42 | 375 |
| NS0.9%INJ 100ML | 100 | 6.25 | 625 |
| XYLOCINE JELLY2% | 20 | 4.68 | 93.60 |
| IV SET | 50 | 9 | 450 |
| BP APPARATUS | 1 | 1650 | 1650 |
| MICROPORE(HIPORE) | 10 | 9.24 | 92.40 |
| | | ആകെ | 9842 /രൂപ |

ലഭിക്കുവാനുള്ള ഇനങ്ങളുടെ വില 9842/രൂപ തടസപ്പെടുത്തുന്നു. സമൂഹത്തിലെ അവശരായ വ്യക്തികൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ടുന്ന മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് കെയർ- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

എ)പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗം കൂടുന്നില്ല

29-10-15 ലെ ജി.ഒ (ആർ.ടി) 3217/15, LSGD നം സർക്കാർ ഉത്തരവിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ഓരോ മാസത്തേയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും വിലയിരുത്തി അംഗീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട് (GO(MS)228/12,LSGD,23-8-12 ഉത്തരവിൽ മൂന്ന് മാസത്തിലൊരിക്കൽ). എന്നാൽ പ്രസ്തുത കമ്മിറ്റി 2015-16 വർഷം ഒരു പ്രാവശ്യം മാത്രമാണ്(25-1-16ൽ) യോഗം ചേർന്നിട്ടുള്ളത്.

ബി)പാലിയേറ്റീവ് കെയർ നിർവഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടു കൊണ്ടുപോകുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും ഒരു പാലിയേറ്റീവ് കെയർ നിർവഹണക്കമ്മിറ്റി രൂപീകരിക്കണമെന്നും എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവഹണം വിലയിരുത്തേണ്ടതാണെന്നും മേൽ പറഞ്ഞ ഉത്തരവിൽ (29-10-15ലേത്) അനുശാസിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

സി) ഹോം കെയർ ദിവസങ്ങളിൽ ഗൃഹസന്ദർശനത്തിന് മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രർത്തകർക്ക് (പരമാവധി 3പേർക്ക്) ഭക്ഷണചെലവ് ഒരാൾക്ക് ഒരുദിവസം പരമാവധി 60 രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ ചെലവഴിക്കുന്നത് 300 രൂപവീതമാണ്. ഭക്ഷണ ബില്ലിൽ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദേശം പാലിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്

## 3-11 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ-അപാകതകൾ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം.S117/16) നടത്തിപ്പിനായി ബിൽ നം. 31/29-3-2016 പ്രകാരം 99910രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 5അലമാരകൾ, 4സ്റ്റീൽ ചെയറുകൾ, ഒരു എക്സിക്യൂട്ടീവ് ചെയർ ഹൈബാക്ക്, രണ്ട് റിവോൾവിംഗ്

ചെയർ,10എസ് ടൈപ്പ് ചെയർ, ഒരു ടേബിൾ എന്നിവ വാങ്ങിയതിന് പത്തനംതിട്ട തമ്പുരാൻ കാലയിൽ ട്രേഡ് ലിംഗ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇവ വാങ്ങി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1) ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഏതെല്ലാം ഇനം ഫർണീച്ചറുകളാണ് വേണ്ടതെന്ന് തീരുമാനിച്ചിരുന്നില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന വാങ്ങൽ ടീം രൂപീകരിച്ചല്ല വാങ്ങൽ നടത്തിയിട്ടുള്ളത്.

3) പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് 52) ഇവയുടെ വിവരം ചേർത്തിട്ടുണ്ടെങ്കിലും കൈപ്പറ്റിയ ആളുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. കൈപ്പറ്റ വിവരങ്ങൾ ഫയലിലാണ് ചേർത്തിട്ടുള്ളത്. എന്നാൽ എക്സിക്യൂട്ടീവ് ചെയർ ഹൈബാക്ക് ആരും തന്നെ കൈപ്പറ്റിയിട്ടില്ല.

4)എക്സിക്യൂട്ടീവ് ചെയർ ഹൈബാക്ക് ന് 4990രൂപ ക്വാട്ട് ചെയ്യുകയും 4950 രൂപയ്ക്ക് നെഗോഷ്യേറ്റ് ചെയ്യുകയും ചെയ്തെങ്കിലും 6900രൂപയ്ക്കാണ് വാങ്ങിയത്. 1950/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കമ്മറ്റി തീരുമാനപ്രകാരം ഗിൽമ ചെയർ ആണ് വാങ്ങിയതെന്നും ആയതിന് 6900രൂപ വന്നിട്ടുണ്ടെന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. കാരണം ബില്ലിൽ എക്സിക്യൂട്ടീവ് ചെയർ ഹൈബാക്ക് എന്നാണ് കാണിച്ചിട്ടുള്ളത്. അധികം നൽകിയ 1950രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നു. മാത്രമല്ല ഇത് വിതരണം ചെയ്തിട്ടില്ലാത്തതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള 4950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 തെരുവു നായ്ക്കളുടെ നിയന്ത്രണം- തുക വിനിയോഗിച്ചിട്ടില്ല

പ്രോജക്ട് നം-S0127/15-16

| | |
|---|---|
| ചെലവ്-<br>50000രൂ, | ബിൽ നം-1/15-16,<br>14-3-16 |

പ്രസ്തുത പ്രോജക്ടിനായി വകയിരുത്തിയ 50000 രൂപ (ഡി.ഡി.നം-240482/15-3-16) വെറ്ററനറി സർജ്ജൻ പിൻവലിച്ച് 19-3-16 ൽ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നാളിതുവരെ നടപ്പാക്കിയിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യ പത്രം ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. തുക 50000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വിമുഖത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി ആകെ 65 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 35 എണ്ണം മാത്രമാണ് ഭാഗികമായോ പൂർണ്ണമായോ തൻവർഷം നടപ്പിലാക്കിയത്. ഫണ്ട് തിരിച്ചുള്ള ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിന്റെ വിവരം | അടങ്കൽ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം(ജനറൽ) | 2168188 | 482805 | 22.26% |
| എസ്.സി.പി | 613549 | 613549 | 100% |
| ധനകാര്യകമ്മീഷൻ അവാർഡ് | 5931103 | 3957204 | 66.71% |
| ലോകബാങ്ക് വിഹിതം | 3955655 | 0 | 0% |
| പ്രത്യേക ഗ്രാന്റ് | 274120 | 274120 | 100% |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1505725 | 0 | 0% |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 5288904 | 1038162 | 19.62% |
| മറ്റുള്ളവ | 253870 | 0 | 0% |

| | | | |
|---|---|---|---|
| ആകെ | 19991182 | 6365840 | 31.84% |

ലോകബാങ്ക് വിഹിതം, റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നീ ഫണ്ടുകളുടെ മുന്നിരിപ്പ് തുക പോലും ചെലവഴിക്കാതെ തിരിച്ചടച്ചു. തനത് വരുമാനം കുറവായ കൈനകരി പഞ്ചായത്ത് ലഭ്യമാകുന്ന സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ തിരിച്ചടക്കുന്നത് ശരിയായ നടപടിയല്ല. സാമൂഹികമായി താരതമ്യേന പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പ്രദേശത്തെ സമഗ്രവികസനത്തിനും ലഭ്യമാകുന്ന ഫണ്ടുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 അംഗനവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം - അടിയന്തിര നടപടികൾ അനിവാര്യം

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികളിലെ നിലവിലുള്ള സൗകര്യങ്ങളെപ്പറ്റി നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.9) ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ മറുപടിയിലെ വിവരങ്ങൾ അംഗനവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വ്യക്തമാക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ ആകെ 25 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സ്വന്തമായി കെട്ടിടം ഉള്ളത് 6 എണ്ണത്തിനാണ്. സ്വന്തമായി സ്ഥലം ഉള്ള 3 ഇടത്ത് കെട്ടിടം പണിയാനായിട്ടില്ല. 17എണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുമ്പോൾ 2 എണ്ണം വാടക ഈടാക്കപ്പെടാതെ സൗജന്യമായി അന്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഒരു അംഗനവാടിയിൽ മാത്രമാണുള്ളത്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 6 അംഗനവാടികളിൽ രണ്ടെണ്ണത്തിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. കുടിവെള്ളം പൊതുടാപ്പിൽ നിന്നോ ആർ.ഒ പ്ളാന്റിൽ നിന്നോ ആണ് ലഭ്യമാകുന്നത്. ഗ്യാസ് കണക്ഷൻ ഇല്ലാതെ പ്രവർത്തിച്ചിരുന്ന എല്ലാ അംഗനനാടികളിലും ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നതേ ഉള്ളൂ. ഈ വിവരങ്ങളിൽ നിന്നും മെച്ചപ്പെട്ട സാഹചര്യങ്ങളിലല്ല പഞ്ചായത്തിലെ അംഗനവാടികൾ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാണ്. എം.പി ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭ്യമായിട്ടും കെട്ടിടം പണിയുവാനുള്ള കരാർ ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിനാലും വകയിരുത്തിയ തുകക്കുള്ളിൽ കരാറുകാരൻ പണി തീർക്കാത്തതിനാലും രണ്ടിടങ്ങളിലെ പ്രവർത്തികൾ നിലവിൽ മുടങ്ങിയിരിക്കുകയാണ്.

കൈനകരി ഗ്രാമ പഞ്ചായത്ത് സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ധാരാളം ജനങ്ങൾ പാർക്കുന്ന പ്രദേശമാണ്. ഇവിടത്തെ ജനങ്ങളുടെ പുരോഗതിയ്ക്ക് അംഗനവാടികളിലൂടെ സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ ക്ഷേമ സേവനങ്ങൾ ഏവർക്കും ലഭ്യമാകേണ്ടത് അനുപേക്ഷണീയമാണ്. ഭാവി തലമുറയുടെ വിദ്യാഭ്യാസപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വളർച്ചയും ഉന്നമനവും ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച നടപ്പാക്കപ്പെടുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാകുന്നതിന് അംഗനവാടികളിലെ അപര്യാപ്തത കാരണമായിക്കൂടാ.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലസൗകര്യം, കെട്ടിടം, ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സുരക്ഷിതമായ അന്തരീക്ഷത്തിൽ അവയുടെ പ്രവർത്തനം ഉറപ്പുവരുത്തുവാൻ അടിയന്തിരായി തന്നെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1)ബാലൻസ്ഷീറ്റ്-ബി-4ഷെഡ്യൂളിൽ other grants എന്നഇനത്തിൽ 93088രൂപ

കാണിക്കുന്നു. എന്നാൽ ടി തുകയുടെ കൃത്യത, ഫണ്ട് ഇനം എന്നിവ വ്യക്തമാക്കിയിട്ടില്ല.

2)RP-43ൽ കാണിക്കുന്ന പ്രോപ്പർട്ടി ടാക്സ് കറണ്ട് - അരിയർ എന്നിവയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

3)B-9 ൽ വാറ്റ്ഇനത്തിൽ 7159 രൂപ ഒടുക്കുവാനുള്ളതായി കാണിക്കുന്നു. എന്നാൽ ഇത് ഏത് ഇനത്തിലേതാണന്ന് വ്യക്തമല്ല.

4)ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

5)ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്) 152/11/തസ്വഭവ തീ.26.07.2011) നടപ്പാക്കിയിട്ടിയില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | തുക ലഭിച്ച വർഷം. | ലഭിച്ച തുക. | പ്രോജക്ടിന്റെ പേര്,വർഷം | ചെലവ്. | ബാലൻസ്. |
|---|---|---|---|---|---|
| ചമ്പക്കുളം ബ്ളോക്ക് പഞ്ചായത്ത് | 2014-15 | 105900 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 5900 |
| ചമ്പക്കുളം ബ്ളോക്ക്പഞ്ചായത്ത് | 2015-16 | 100000 | പാലിയേറ്റിവ് കെയർ | 100000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 125000 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 105900 | 19100 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | തുക | നിർവ്വഹണ ഏജൻസി |
|---|---|---|
| ഭജനമഠം പാലം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 196317 | കേരള വാട്ടർ അതോറിറ്റി |
| ഭജനമഠം പാലം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 196312 | കേരള വാട്ടർ അതോറിറ്റി |
| തേവര് പറമ്പ്-മണ്ണാന്തറ | 100000 | കേരള വാട്ടർ അതോറിറ്റി |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | സ.ഉ(സാ)നം- | 14092000 | 6130200 | 1572900 | 234186 | 4557300 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി. | 562/2010 /തസ്വഭവ,തീയതി-22-2-10 | | | | | |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2004-05 | 2-3 | 1500 | ചെറിയാൻ കുര്യാക്കോസ്, കടക്കരപ്പള്ളി | 11502100101/4-5-15 |
| 2004-05 | 2-3 | 1500 | ചെറിയാൻ കുര്യാക്കോസ്, കടക്കരപ്പള്ളി | 11502100266/1-5-15 |
| 2013-14 | 2-2 | 300 | പുരുഷോത്തമൻ പുതുപ്പള്ളി | 11502100266/29-6-15 |
| 04-05 | 2-3 | 585 | ചെറിയാൻ കുര്യാക്കോസ്, കടക്കരപ്പള്ളി | 11502100282/2-7-15 |
| 2012-13 | 2-2 | 2500 | സെക്രട്ടറി, എസ്.സിബി, തോട്ടുവാത്തല | 11502100373/31-7-15 |
| 2013-14 | 2-2 | 1905 | ഔസേഫ് ഔസേഫ് ചിറയിൽ | 11502100374/31-7-15 |
| 2013-14 | 2-2 | 400 | ബാബു, ആറ്റുതറ | 11502100375/31-7-15 |
| 2013-14 | 2-2 | 1405 | സുന്ദരേശൻ, കായലിപ്പറമ്പ് | 11502100376/31-7-15 |
| 2012-13 | 2-2 | 180 | പോസ്റ്റുമാസ്റ്റർ, കുട്ടമംഗലം | 11502100390/7-8-15 |
| 2013-14 | 2-2 | 100 | പുരുഷോത്തമൻ, പുതുപ്പറമ്പ് | 11502100425/20-8-15 |
| 2013-14 | 2-2 | 18 | സിബികുമാർ, പുഞ്ചത്തല | 11502100426/20-8-15 |
| 2003-04 | 2-3 | 833 | അമ്പിളി എൽഡിസി | 11502100925/10-2-16 |
| 2008-09 | 3-7 | 6297 | ജോസി.വി.ഐ, | 11502101488/31-3-16 |

| | | | | |
|---|---|---|---|---|
| | | | എഇ | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2005-06 | 3(11) | 2010-11 | അങ്കണവാടി കുട്ടികൾക്കുള്ള അരിഷ്ടം വിതരണം | സർക്കാർ സാധൂകരണത്തിന് നൽകിയിട്ടുണ്ട് |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34077794 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46962821 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 861020 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 714191 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 859070 | ജയശങ്കർ,അസി.എക്സി.എൻജിനീയർ<br>കൃഷ്ണേന്ദ്. ജി.കെ,അസി.എഞ്ചിനീയർ |
| 3-11 | - | 1950 | ഡി.സാബു,സെക്രട്ടറി |
| | | 861020 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 35850 | മോളിക്കുട്ടി.കെ.ആർ, പ്രധാനാധ്യാപിക |
| 3-3 | 613549 | കൃഷ്ണേന്ദു.ജി.കെ, അസി.എഞ്ചിനീയർ |
| 3-9 | 9842 | ഡോ.അഞ്ജനാ ബാലചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-11 | 4950 | ശ്രീ.ഡി.സാബു,സെക്രട്ടറി |
| 3-12 | 50000 | ഡോ.ദീപ, വെറ്ററിനറി സർജൻ |
| ആകെ | 714191 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മോളിക്കുട്ടി.കെ.ആർ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്<br>ജി.എൽ.പി.എസ്<br>കുട്ടമംഗലം | രാജ്നിവാസ്<br>പെരുന്ന.പി.ഒ |
| ജയശങ്കർ,<br>അസി.എക്സി.എൻജിനീയർ | അസി.എക്സി.എൻജിനീയർ<br>പത്തനംതിട്ട മുനിസിപ്പാലിറ്റി | ജയവിഹാർ,<br>ചെമ്പക നഗർ,<br>ഊറ്റുകുഴി,<br>തിരുവനന്തപുരം. |
| ഡി.സാബു, സെക്രട്ടറി | വിരമിച്ചു | വിനോദ്ഭവൻ (ഹരിദേവ്)<br>പുന്നപ്ര വടക്ക്-പി.ഒ<br>പറവൂർ,ആലപ്പുഴ |
| കൃഷ്ണേന്ദു. ജി.കെ,<br>അസി.എഞ്ചിനീയർ | എ.ഇ-പുളിമാത്ത് ഗ്രാമപഞ്ചായത്ത് | ഈരപുത്തൻവീട്<br>ചാങ്ങ.പിഒ<br>വെള്ളനാട്, |

| | | |
|---|---|---|
| | | തിരുവനന്തപുരം |
| അഞ്ജനാ ബാലചന്ദ്രൻ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി | മുരുകവില്ല,<br>പെരുമ്പനം.പി.ഒ.<br>നടക്കേപ്പാലം, ചങ്ങനാശ്ശേരി |
| ഡോ.ദീപ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>കൈനകരി | ദാസ് ഭവൻ,<br>വട്ടയാൽ വാർഡ്,<br>തിരുവമ്പാടി.പി.ഒ. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577 /14,7.6.2014 |
| 2007-08 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577 /14,7.6.2014 |
| 2008-09 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577 /14,7.6.2014 |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577 /14,7.6.2014 |
| 2010-11, 2011-12 | എൽ.എഫ്. എ.പി.1-268/11.06.2013 /29.06.2013 |
| 2012-13 | എൽ.എഫ്.എ.പി.1/1861/2014,22.12.2014 /30.03.2015 |
| 2013-14 | എൽ.എഫ്.എപി-1-672/2015,23.07.2015 /04.08.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി1/210/16 /21.03.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി1-135/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 07.02.2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കൈനകരി. ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഭാഗം 4 ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P1-135/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 07.02.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kainakary Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kainakary Gramapanchayat for the year 2015-16 except the observations in Part 4 Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha